# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2050 — 13/06/2019-ൽ മറുപടിയ്ക്ക്

## ആരോഗ്യ ജാഗ്രതാ പദ്ധതി

**ചോദ്യം**

**ശ്രീ.കെ.സി.ജോസഫ്**

എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന ആരോഗ്യ ജാഗ്രതാ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; ഏതൊക്കെ വകുപ്പുകളുടെ സഹകരണത്തോടെയാണ് പദ്ധതി ആവിഷ്കരിച്ചിട്ടുളളത്;

**മറുപടി**

**കെ.കെ.ശൈലജ ടീച്ചർ**

(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

എ) പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനും വേണ്ടി 'ആരോഗ്യ ജാഗ്രത' എന്ന പേരിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന 'പ്രതിദിനം പ്രതിരോധം' എന്ന പ്രതിരോധ-നിയന്ത്രണ കർമ്മപരിപാടി ജനപ്രതിനിധികളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെ പ്രവർത്തന കലണ്ടറിന്റെ അടിസ്ഥാനത്തിൽ സമയ-ബന്ധിതമായി നടപ്പിലാക്കുന്നു. ആരോഗ്യ-വകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് എന്നിവയോടൊപ്പം തദ്ദേശ-സ്വയംഭരണ വകുപ്പ്, നഗരകാര്യം, ജലവിഭവം, സാമൂഹ്യനീതി, തൊഴിൽ, വിദ്യാഭ്യാസം, കൃഷി, മൃഗസംരക്ഷണം, ഫിഷറീസ്, പൊതുമരാമത്ത്, പട്ടികജാതി-പട്ടികവർഗ്ഗ വികസനം മുതലായ വകുപ്പുകളുടെയും ശുചിത്വമിഷൻ, കുടുംബശ്രീ, ഭക്ഷ്യ സുരക്ഷാ മിഷൻ, കേരള വാട്ടർ അതോറിറ്റി, ഹരിതകേരള മിഷൻ തുടങ്ങിയ ഏജൻസികളുടെയും പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

സംസ്ഥാനതലത്തിൽ ബഹു.മുഖ്യമന്ത്രിയും മറ്റ മന്ത്രിമാർ മുതൽ വാർഡ് തലം വരെയുള്ള ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കുന്ന ആലോചനാ-യോഗങ്ങൾ, വിവിധ വകുപ്പുകളുടെ ഏകോപനയോഗങ്ങൾ, വാർഡ്തല ആരോഗ്യ ശുചിത്വ-പോഷണ സമിതികളുടെ ശാക്തീകരണവും, യോഗങ്ങളും, പ്രത്യേക ഗ്രാമസഭകൾ, ആരോഗ്യ സേനാ രൂപീകരണം, ശുചിത്വ മാപ്പിംഗ്. വാർഡ്തല/ തദ്ദേശ സ്ഥാപനതല കർമ്മപദ്ധതികൾ. അതിന്റെ അടിസ്ഥാനത്തിലുള്ള

രോഗപ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ, ക്യാമ്പയിനുകൾ, പൊതുജനാരോഗ്യ നിയമപ്രകാരമുള്ള പരിശോധനകൾ തുടങ്ങിയവയാണ് ആരോഗ്യജാഗ്രതയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

| | | | |
|---|---|---|---|
| ബി) | പ്രസ്തുത പദ്ധതി പ്രകാരം മലമ്പനി, കരിമ്പനി, മന്ത്, കുഷ്ഠം, ക്ഷയം എന്നീ രോഗങ്ങൾ നിർമ്മാർജനം ചെയ്യുന്നതിന് ആവിഷ്കരിച്ച നടപടികളുടെ വിശദാംശം നൽകുമോ; | ബി) | മലമ്പനി, കരിമ്പനി, മന്ത്, കുഷ്ഠം, ക്ഷയം എന്നീ രോഗങ്ങൾ 2020-ഓടെ നിവാരണം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ഭാഗമായി നടപ്പിലാക്കി വരുന്നു. ദേശീയ പ്രാണിജന്യരോഗ നിയന്ത്രണ പരിപാടിയുടെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് മലമ്പനി, കരിമ്പനി, മന്ത് തുടങ്ങിയ രോഗങ്ങളുടെ നിരീക്ഷണം, ചികിത്സ, നിയന്ത്രണം എന്നിവ നടത്തിവരുന്നു. ദേശീയ കുഷ്ഠരോഗ നിവാരണ പരിപാടിയുടെ ഭാഗമായുള്ള രോഗബാധിതരെ നേരത്തെ തന്നെ കണ്ടുപിടിച്ച് ചികിത്സ ലഭ്യമാക്കുന്ന "അശ്വമേധം"-കാമ്പയിൻ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ, കുഷ്ഠരോഗ നിരീക്ഷണം, ചികിത്സ എന്നിവ ഫലപ്രദമായി നടപ്പിലാക്കി വരുന്നു. "എന്റെ ക്ഷയരോഗ മുക്ത കേരളം" ശ്വാസ് തുടങ്ങിയ പദ്ധതികളിലൂടെ ക്ഷയരോഗ നിരീക്ഷണവും ചികിത്സയും ദേശീയ ക്ഷയരോഗ നിയന്ത്രണ പരിപാടിയുടെ ആഭിമുഖ്യത്തിൽ നടത്തി വരുന്നു. |
| സി) | ആരോഗ്യ ജാഗ്രതാ പദ്ധതി നടപ്പിലാക്കിയ ശേഷം മറ്റ് രോഗങ്ങൾ നിയന്ത്രിക്കുന്നതിനും അവയുടെ വ്യാപനം കുറയ്ക്കുന്നതിനും സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | സി) | 2018-ൽ ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കിയതിനെത്തുടർന്ന് ആ വർഷം പകർച്ചവ്യാധിയും, അതുമൂലമുള്ള മരണങ്ങളും 2017-നെ അപേക്ഷിച്ച് കുറയ്ക്കുവാൻ സാധിച്ചു.<br>2018-ൽ പനി ബാധിച്ചവരുടെ എണ്ണം മുൻവർഷത്തെ അപേക്ഷിച്ച് 14.4% കുറയ്ക്കുവാൻ സാധിച്ചു. ഡെങ്കിപ്പനിയിൽ 82% -ഉം, മലമ്പനിയിൽ 24% -ഉം എച്ച് 1 എൻ1 – ൽ 44%-ഉം ടൈഫോയ്ഡ് 8%-ഉം കുറവാണ് ഉണ്ടായത്. പനി മൂലമുള്ള മരണങ്ങളും ഗണ്യമായി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ